# കരിങ്കുന്നം ഗ്രാമപഞ്ചായത്ത്കാര്യാലയം

(An ISO 9001:2015 Certified Panchayat)

കരിങ്കുന്നം പി ഒ,തൊടുപുഴ, ഇടുക്കി ജില്ല-685586

ഫോൺ 04862242322, Mob-9496045101

ഇ-മെയിൽ : karimkunnamgramapanchayat@gmail.com


LSGD

തദ്ദേശ
സ്വയംഭരണ
വകുപ്പ്

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

# കരട് ബജറ്റ് 2026-27

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതി 2025–2030



**ഷൈനി ജോൺ**
**പ്രസിഡൻറ്**



**സജി ഫിലിപ്പ്**
**വൈസ് പ്രസിഡൻറ്**



**റ്റിൻറു ജോസ്**
**ചേയർപേഴ്സൺ**
**വികസന സ്റ്റാൻറിംഗ് കമ്മിറ്റി**



**സോണിമോൻ സണ്ണി**
**ചെയർപേഴ്സൺ**
**ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി**



**ലില്ലി ജോയി**
**ചെയർപേഴ്സൺ**
**ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി**



**ജൂലി എലിസബക്ക് ബേബി**
**വാർഡ് അംഗം 1**



**ജിഷ**
**വാർഡ് അംഗം 3**



**ജോസഫ് കെ എം**

**വാർഡ് അംഗം 6**




**ജോസഫ് ടി സി**
**വാർഡ് അംഗം 7**



**ജോബി ജോസ്**
**വാർഡ് അംഗം 8**



**ശ്രീജിത്ത് രാജപ്പൻ**
**വാർഡ് അംഗം 9**



**കെ.ജി ദിനകർ**
**വാർഡ് അംഗം 12**



**ബീന ബോബി**
**വാർഡ് അംഗം 13**



**സന്ധ്യ സോമൻ**
**വാർഡ് അംഗം 14**



**ഹർഷകുമാർ ആർ**
**സെക്രട്ടറി**



ഷൈനി ജോൺ,
പ്രസിഡൻറ്

## ആമുഖ പ്രസംഗം

ബഹുമാന്യരേ..

കരിങ്കുന്നം ഗ്രാമപഞ്ചായത്തിൻറെ 2026-27 ബജറ്റ് അവതരണ യോഗത്തിലേയ്ക്ക് എല്ലാ ജനപ്രതിനിധികളേയും,നിർവ്വഹണ ഉദ്യോഗസ്ഥരേയും ഹാജരായ എല്ലാ വ്യക്തിത്വങ്ങളേയും ഭരണസമിതിയുടെ പേരിൽ സ്വാഗതം ചെയ്യുന്നു

കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2025 ലെ പൊതു തിരഞ്ഞെടുപ്പിനു ശേഷം രൂപീകൃതമായ പുതിയ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. വളരെ സന്തോഷത്തോടുകൂടിയാണ് ഈ കരട് ബജറ്റ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്ത ശേഷം അടുത്ത അഞ്ച് വർഷത്തെ വികസന സ്വപ്നത്തെ മുൻ നിർത്തി ആയത് സാക്ഷാത്കരിക്കുന്നതിൻറെ പ്രാരംഭ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ ബജറ്റ് മുൻഗണന നൽകുന്നത്. ആയതിനായി വിലയേറിയ നിർദ്ദേശങ്ങൾ നൽകി പ്രയത്നിച്ച ഓരോ വ്യക്തികളെയും ഈ സന്ദർഭത്തിൽ ആദ്യം അഭിനന്ദിക്കട്ടെ...

സംസ്ഥാന സർക്കാർ വിവിധ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന മർഗ്ഗ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഭരണ സമിതി അവതരിപ്പിച്ച ബജറ്റുകളിലെപ്പോലെ തന്നെ ഇത്തവണയും പാർപ്പിടത്തിനാണ് നമ്മുടെ ബജറ്റ് മുൻഗണന നൽകുന്നത്. ബജറ്റിൻറെ കൂടുതൽ വിവരങ്ങൾ ബജറ്റ് അവതരണത്തിൽ വൈസ് പ്രസിഡൻറ് വിശദമാക്കുന്നതാണ്. തനത് ഫണ്ടിൻറെ അപര്യാപ്തതയിലും ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ലഭ്യമാകുന്ന പ്രധാന വരുമാന മാർഗമായ വസ്തുനികുതി 100 ശതമാനം പിരിച്ചാലും ദൈനംദിന ആവശ്യങ്ങൾക്ക് ജനറൽ പർപസ് ഫണ്ടിനെ ആശ്രയിക്കുന്ന തദ്ദേശ സ്ഥാപനമാണ് നമ്മുടേത്. ആയതു കൊണ്ട്തന്നെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകാവുന്ന പ്ലാൻ ഫണ്ട്, വായ്പ, സംസ്ഥാന, കേന്ദ്ര വിഹിതങ്ങൾ, ബ്ലോക്ക് ജില്ലാ പദ്ധതി വിഹിതങ്ങൾ ഉൾപ്പടെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് 2026-27 ലെ ബഡ്ജറ്റിൽ ശ്രദ്ധ നൽകിയിട്ടുണ്ട്.

പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് കരിങ്കുന്നം ഗ്രാമപഞ്ചായത്തിൻറെ സമഗ്ര വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനായും,ടൂറിസത്തിനും മുൻഗണന നൽകി തയ്യാറാക്കിയ 2026-27 ലെ ഈ കരട് ബജറ്റ് ഭരണസമതി അംഗങ്ങൾ പഞ്ചായത്തിൻറെ സമഗ്രമായ വികസനം മുൻനിർത്തി ഒരു ചർച്ചക്ക് വിധേയമാക്കണമെന്നും ആയതിനെ വിമർശ്ശാത്മകമായി വിലയരുത്തണമെന്നുള്ള അഭ്യർത്ഥനയോടെ 2026-27 വർഷത്തെ കരട് ബജറ്റ് അവതരിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ.സജി ഫിലിപ്പ് അവർകളെ ക്ഷണിച്ചു കൊള്ളുന്നു

കരിങ്കുന്നം
07/03/2026

(ഒപ്പ്)
**ഷൈനി ജോൺ**
**കരിങ്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്**



**ഹർഷകുമാർ.ആർ**
**സെക്രട്ടറി**

## അഭ്യർത്ഥന,

കരിങ്കുന്നം ഗ്രാമപഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൻറെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബജറ്റ് കെ-സാമാർട്ട് എന്ന അപ്ലീക്കേഷൻ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത് ആയതിനാൽ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച തുകയും ഗ്രാമപഞ്ചായത്ത് നികുതി നികുതിയേതര വരുമാനത്തിലൂടെ കണ്ടെത്തുന്ന തുകയും കൃത്യമായ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കും,പ്രാദേശിക സാമ്പത്തിക വികസനത്തിനും ആസ്തി വികസനം,സംരക്ഷണം എന്നിവക്ക് ഉതകുന്ന രീതിയിൽ ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തിലെ എല്ലാ സ്റ്റാൻറിഗ് കമ്മിറ്റികളുടേയും, ഘടകസ്ഥാപന മേധാവികളുടേയും,ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടേയും, ജനപ്രതിനിധികളുടേയും വിലയേറിയ നിർദ്ദേശവും, സഹായവും ലഭ്യമായിട്ടുണ്ട്.

സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് കരിങ്കുന്നം ഗ്രാമപഞ്ചായത്തിൻറെ സമഗ്ര വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും പ്രാദേശിക സാമ്പത്തിക വികസനം,ടൂറിസം എന്നിവക്ക് മുൻഗണന നൽകി തയ്യാറാക്കിയ 2026-27 ലെ ഈ കരട് ബജറ്റ് ഭരണസമതി അംഗങ്ങൾ പഞ്ചായത്തിൻറെ സമഗ്രമായ വികസനം മുൻനിർത്തി ഒരു ചർച്ചക്ക് വിധേയമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

(ഒപ്പ്)
ഹർഷകുമാർ.ആർ
സെക്രട്ടറി
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്



സജി ഫിലിപ്പ്
വൈസ് പ്രസിഡൻറ്

# ബജറ്റ് പ്രസംഗം

കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2026-27 സാമ്പത്തിക വർഷത്തിലെ കരട് ബജറ്റ് അവതരണത്തിനുള്ള പ്രത്യേക ഭരണ സമിതി യോഗത്തിൽ പങ്കെടുക്കുന്ന കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ പ്രസിഡൻറ് ഉൾപ്പട്ടെയുള്ള ജനപ്രതിനിധികളേ, സെക്രട്ടറി ഉൾപ്പടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരേ,

ഞാൻ ഈ കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ 2026-27 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നത് ഏറെ സന്തോഷത്തോടെയും,അഭിമാനത്തോടെയുമാണ്.വൈസ് പ്രസിഡൻറായി തിരഞ്ഞെടുത്ത ശേഷവും,ഈ ഭരണസമിതി അധികാര്യം ഏറ്റെടുത്ത ശേഷമുള്ള ആദ്യത്തെ ബജറ്റാണിത്.മറ്റ് വർഷങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഈ വർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് കെ-സ്മാർട്ട് എന്ന അപ്ലിക്കേഷൻ ഉപയോഗിച്ച് ആണ് തയ്യാറാക്കിയിരിക്കുന്നത്.ഗ്രാമപഞ്ചായത്തിൻറെ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് മാത്രമേ ആയതിൻറെ വിവരങ്ങൾ ബജറ്റിൻറെ ഭാഗമാകുകയൊള്ളു എന്നുള്ള വിവരം ആമുഖമായി പറയട്ടെ.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തന ഫലമായി ഒട്ടേറെ വികസന നേട്ടങ്ങൾ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി നാം നേടിയ നേട്ടങ്ങളെ സുസ്ഥിരമാക്കുവാനും,വർത്തമാന കാലത്തിലെ പുത്തൻ വെല്ലുവിളികൾ ഏറ്റെടുക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട്.

പ്രാദേശിക ഭേദമില്ലാതെ പഞ്ചായത്തിനെ ഒറ്റയൂണിറ്റായി കണ്ടുകോണ്ട് ജനപങ്കാളിത്തത്തിനും ജനകീയ കാഴ്ച്ചപ്പാടിനുമൊപ്പം കാര്യക്ഷമതയ്ക്കും സേവന ഗുണനിലവാരത്തിനും ഊന്നൽ നൽകി സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ ഗ്രാമത്തിൻറെ സമഗ്ര വികസനമാണ് ഭരണ സമിതിയുടെ പൊതുസമീപനം

ഗ്രാമപഞ്ചായത്തിൻറെ ധനകാര്യ പരിപാലനത്തിൻറെ നെടുംതൂണാണ് ബജറ്റ്. കേരള പഞ്ചായത്ത് രാജ് നിയമം 175-ാം വകുപ്പ് പ്രകാരം വാർഷിക പദ്ധതി ബജറ്റിൻറെ ഭാഗമാക്കേണ്ടതുണ്ട്.വിവിധ സ്രോതസ്സുകളിൽ നിന്നും സമാഹരിക്കുവാൻ കഴിയുന്ന വിഭവങ്ങൾ കണ്ടെത്തി അവ നിത്യ-നിദാന ചെലവുകൾക്കും വികസന പദ്ധതികൾകൾക്കും പ്രത്യേക ഉദ്ദേശ്. പദ്ധതികൾക്കുമായി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വകയിരുത്തുന്നതിന് ഈ ബജറ്റിൽ ശ്രദ്ധയൂന്നിയിട്ടുള്ളത്. ആയതിനായി വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങൾ നൽകിയ എവരേയും സ്മരിച്ചുകൊണ്ട് കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ വാർഷിക ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതി മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നു.

## 1,പൊതുഭരണം ധനകാര്യം ജനസേവനം മെച്ചപ്പെടുത്തൽ

ജനാധിപത്യ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതോടു കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനത്തിൻറേയും ജനസേനത്തിൻറെയും ജനകീയ കേന്ദ്രമായി മാറി.കെ-സ്മാർട്ടിൻറെ ആവിഷ്കാരത്തോടുകൂടി പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ വളരെവേഗത്തിൽ ലഭിക്കാൻ സാധ്യമായിട്ടുണ്ട്.ഇ-ഗവേണൻസ് നടപ്പാക്കി ജീവനക്കാർക്ക് കെ-സ്മാർട്ടിൽ ആധുനിക രീതിയിലുള്ള പരിശീലനം നൽകുകയും ക്രിയാത്മകതയും,അക്കൌണ്ടബിലിറ്റിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളുടെയും ഭൌതിക സൌകര്യങ്ങൾ വർദ്ധിപ്പിച്ച് സേവന ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ പദ്ധതികൾ ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നു.

**2,കൃഷിയും അനുബന്ധ മേഖലയും**





കരിങ്കുന്നം ഗ്രാമപഞ്ചായത്തിൻറെ സമൃദ്ധി കാർഷിക മേഖലയിലെ ഉണർവിനെ ആശ്രയിച്ചിരിക്കുന്നു.അടിസ്ഥാനത്തിൽ പരമാവധി സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തുന്നു.ചെറുകിട കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായി ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ള നെൽകൃഷി,പച്ചക്കറികൃഷി എന്നിവക്കായി തുക വകയിരുത്തുന്നു.

**3,മൃഗസംരക്ഷണം ക്ഷീരവികസനം**



മൃഗപരിപാലനത്തിനും കന്നുകാലി വളർത്തലിനും വർദ്ധിച്ചു വരുന്ന ചെലവ് ഈ മേഖലയിൽ നിന്നും കർഷകരും പിന്തിരിപ്പിക്കുന്നു അത് പരിഹരിക്കുന്നതിനായി മൃഗ പരിപാലനം ഉപജീവനമായി സ്വീകരിത്തിരിക്കുന്ന കർഷകരും സാഹായിക്കുന്നതിനായി ആവശ്യമായ തുക വകയിരുത്തുന്നു.കൂടാതെ തെരുവ് നായയുടെ വാക്സിനേഷനും തുക വകയിരുത്തുന്നു.

**4,ദാരിദ്ര നിർമ്മാർജ്ജനം പാർപ്പിടം ഉൾപ്പടെ**




കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ 2026-27 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരിക്കുന്നത് പാർപ്പിട മേഖലയിലാണ് ലൈഫ് ഭവന പദ്ധതി,വീട് അറ്റകുറ്റപ്പണി എന്നിവക്കായി തുക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**5,വിദ്യാഭ്യാസം-യുവജനക്ഷേമം**

കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ കരിങ്കുന്നം ഗവൺമെന്റ് എൽ പി സ്കൂൾ മെയിൻറനനസ് എന്നിവക്കും എസ്.എസ്.കെ വിഹിതം എന്നിവക്കായി ഈ ബജറ്റിൽ തുക വകയിരിത്തിയിട്ടുണ്ട്

**6,ആരോഗ്യം**



പൊതുജനാരോഗ്യരംഗത്ത് ഒട്ടേറേ പ്രവർത്തനങ്ങൾ കഴിഞ്ഞ പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടുണ്ട്.പൊതുജനങ്ങൾക്ക് മികച്ച സേവനം പ്രദാനം ചെയ്യാൻ ഉതകുന്ന വിധത്തിൽ പ്രാഥമിക ചികിത്സാ കേന്ദ്രത്തിൻറേയും,കുടുംബക്ഷേമ ഉപകേന്ദ്രത്തിൻറേയും ആയുർവ്വേദ-ഹോമിയോ ഡിസ്പെൻസറികളുടേയും അടിസ്ഥാന-ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.ഹെൽത്ത് ഗ്രാൻറ് ഉപയോഗിച്ച് സമഗ്രമായ പദ്ധതികൾ ഏറ്റെടുക്കുന്നതിലേക്കും ,ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനും പൌരൻമാരുടെ ആരോഗ്യ സംരക്ഷിക്കുന്നതിന് ഓപ്പൺ ജിം പദ്ധതിക്കുമായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

7,സാമൂഹ്യ നീതി



സമൂഹത്തിൻറെ അടിസ്ഥാന സർക്കാർ സ്ഥാപനമാണ് അങ്കണവാടികൾ,സമൂഹിക പരിഗണന ഏറ്റവും അർഹിക്കുന്ന വയോജനങ്ങൾ,ഭിന്നശേഷിയുള്ളവർ തുടങ്ങിയവർക്കായി അർഹമായ പരിഗണന നൽകുന്നതിന് ബജറ്റിൽ തുക വകയിരുത്തുന്നു. ഭിന്നശേഷിക്കാർക്ക് കലാകായിക മേള,കുട്ടികൾക്കാവശ്യമായ നീന്തൽ പരിശീലനം,ബാലസഭ, ശ്രുതി തരംഗം പദ്ധതി എന്നിവക്കായി തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

8,വനിത ശിശുക്ഷേമം

വനിതാ വികസനത്തിൻറെ ചാലക ശക്തിയാണ് കുടുംബശ്രീ.കുടുംബശ്രീ യൂണിറ്റുകളെ ശാക്തീകരിക്കുന്നതിനും ആതിലൂടെ വനിതകളുടെ സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തിനും ബജറ്റ് വിഭാവനം ചെയ്യുന്നു.അങ്കണവാടികളാണ് വനിതാ-ശിശു ക്ഷേമ പ്രവർത്തനങ്ങളുടെ മറ്റൊരു പ്രധാന കേന്ദ്രം. അങ്കണവാടികൾക്ക് അനുപൂരകപോഷകാഹാര വിതരണം, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം, അങ്കണവാടി മെയിന്റനൻസ് എന്നിവക്ക് തുകവകയിരുത്തുന്നു.

9,കുടിവെള്ളം ശുചിത്വം മാലിന്യ സംസ്കരണം

ശുചിത്വം മാലിന്യ സംസ്കരണ മേഖലയിൽ അഭിനന്ദനാർഹമായ പുരോഗതി കൈവരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് ആയത് നിലനിർത്തുന്നതിലേക്ക് ആവശ്യമായ തുക ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ കുടിവെള്ളത്തിൻറെ ലഭ്യത പഞ്ചായത്തിൽ എല്ലായിടവും എത്തിക്കാൻ കഴിഞ്ഞിട്ടില്ല പഞ്ചായത്തിൻറെ ഭൂപ്രകൃതി അനുസരിച്ച് ആയതിന് വിപുലമായ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.പഞ്ചായത്തിലെ പരമ്പരാഗത ജല സ്രോതസ്സ് സംരക്ഷിക്കാനുള്ള പദ്ധതിക്കായി തുക വകയിരിത്തിയിട്ടുണ്ട്.

10,പൊതുമരാമത്ത്,ഊർജ്ജം

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളും,കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ തുക ബജറ്റിൽ നീക്കിവച്ചിട്ടുണ്ട് എന്നാൽ പുതിയ റോഡുകൾ ഏറ്റെടുത്ത് ചെയ്യുന്നതിന് ഫണ്ട് കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ട്. എന്നാൽ പഞ്ചവത്സ പദ്ധതിയിലെ ചില ലക്ഷ്യങ്ങളിലേക്ക് എത്തുന്നതിന് പഞ്ചായത്തിന് ഇനിയും സമയം ആവശ്യമാണ് അതിൽ ചിലതിനു 2026-27 ബജറ്റിൽ ആവശ്യമായ തുക നീക്കിവച്ചിട്ടുണ്ട് കൂടാതെ പഞ്ചായത്ത് നേടിയെടുത്ത സൂചകങ്ങൾ നിലനിർത്തുന്നതിനും ഫണ്ട് നീക്കി വച്ചിട്ടുണ്ട്

1,ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സമൂഹത്തിലും ഉത്പാദന പ്രക്രിയയിലും വ്യാപിപ്പിക്കുക



കരിങ്കുന്നം ഗ്രാമപഞ്ചായത്ത് വരുമാന ദായകമായതും ഗ്രാമപഞ്ചായത്തിൻറെ സ്ഥിരമായ ബാധ്യതകൾ സ്ഥിരമായി കുറക്കുന്ന രീതിയിൽ ഉള്ള പദ്ധതികളുമായി മുന്നോട്ട് പൊകാനുള്ള ശ്രമം എന്ന നിലയിലും പഞ്ചായത്തിനെ വൈദ്യുതിയിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ഒരോ വർഷവും 10 കിലോ വാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പഞ്ചായത്ത് ഓഫീസിലും , എഫ്. എച്ച് .സി. യിലെ പുതിയ കെട്ടിടത്തിലും ഓൺ ഗ്രിഡ് സോളാർ പാനൽ സ്ഥാപിക്കൽ ഇത് മൂലം പ്രതിമാസ വൈദ്യുതി ഉപയോഗത്തിലുള്ള പഞ്ചായത്തിനുണ്ടാകുന്ന ചെലവ് 20ശതമാനത്തിലേക്ക് ചുരുക്കാനാകും.

അപകടരഹിതമായ റോഡുകൾ

*ഒന്നങ്ങോട്ടോ ഒന്നിങ്ങോട്ടോ മാറിയാൽ*-നെല്ലാപ്പാറയിലെ വളവുകളെക്കുറിച്ച് പറയുമ്പോൾ കോട്ടയം ജില്ലയുടെ പരിധിയിൽ വരുന്ന കുറിഞ്ഞിയിൽ നിന്ന് തുടങ്ങണം.

ഈ പേരുകൾ പ്രധാനം

1. കുറിഞ്ഞിക്കു സമീപത്തെ കുഴിവേലി വളവ്
2. ചൂരപ്പട്ട വളവ്,
3. ആനപ്പാറ വളവ്,
4. നെല്ലാപ്പാറ വളവ് എന്നറിയപ്പെടുന്ന കുരിശുപള്ളി വളവ്,
5. കുഴിമറ്റം വളവ്,
6. കരിങ്കുന്നം ആശുപത്രി വളവ്,
7. തവളക്കുഴി വളവ്,
8. പ്ലാന്റേഷൻ വളവ്,
9. നടുക്കണ്ടം വളവ്

എന്നിവയെല്ലാം ഒട്ടേറെ അപകട ചരിത്രമുള്ള സ്പോട്ടുകളാണ് .ഇതിൽ അഞ്ചും കരിങ്കുന്നം ഗ്രാമപഞ്ചായത്തിൻറെ പരിധിയിലാണ്.അശാസ്ത്രീയമായ നിർമ്മാണം ഭൂപ്രകൃതി എന്നിവയാണ് അപകടങ്ങൾക്ക് കാരണം.അപകടം ഉണ്ടാകാതിരിക്കുന്നതിനും വാഹന ഡ്രൈവർമാർക്ക് ശ്രദ്ധ നൽകുന്നതിന് ട്രാഫിക്ക് സംവിധാനം മെച്ചപ്പെടുത്തുന്നതിന് 2026-27 ബഡ്ജറ്റിൽ 150000/- രൂപ വകയിരിത്തിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന് ഈ വിഷയത്തിൽ പരമാവധി ഇടപെടൽ നടത്തുന്നതാണ് .

2,വിനോദ സഞ്ചാരം വികസിപ്പിക്കുക




കരിങ്കുന്നം ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത് ഇടുക്കി ജില്ലയിലാണ് കൂടാതെ ഇടുക്കി ജില്ലയുടെ പടിഞ്ഞാറെ വാതിലായി കരിങ്കുന്നം ഗ്രാമപഞ്ചായത്തിനെ വിശേഷിപ്പിക്കാം കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ ഭൂപ്രകൃതിയും സവിശേഷതകളും മലനാട്ടുമായി ഇണങ്ങുന്ന രീതിയിലാണ് ഉള്ളത് ആയതിനാൽ പ്രാദേശിക ടൂറിസത്തിനും അതുമായി ബന്ധപ്പെട്ട പ്രാദേശിക സാമ്പത്തിക വികസനത്തിന് വളരെയേറെ സാധ്യതകൾ കരിങ്കുന്നത്ത് നിലവിലുണ്ട് ആയതിനാൽ 2026-27 ബജറ്റിൽ ചുവടെ പറയുന്ന ടൂറിസത്തിന് ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

1, ഇല്ലിചാരി- ടൂറിസം പദ്ധതി

2, നെല്ലാപ്പാറ- ടൂറിസം പദ്ധതി

3, വീരൻമല ടൂറിസം പദ്ധതി

ഗ്രാമപഞ്ചായത്തിൻറെ പരിമിതമാർന്ന വിഭങ്ങൾ ഉപയോഗപ്പെടുത്തി എല്ലാ മേഖലയിലും പരമാവധി വികസനം എത്തിക്കാൻ കഴിയുക എന്നതാണ് നമ്മുടെ മുന്നിലെ വലിയയൊരു വെല്ലുവിളി.ഗ്രാമപഞ്ചായത്തിൻറെ തനത് വരുമാന പദ്ധതി പ്രവർത്തനങ്ങൾ നീക്കിവക്കുന്നതിന് പരിമിതമാണ് എന്നാൽ സംസ്ഥാന സർക്കാർ നൽകുന്ന വികസന ഫണ്ടും ,കേന്ദ്ര സർക്കാർ നൽകുന്ന ധനകാര്യക്കമ്മീഷൻ ഗ്രാൻറും, ആരോഗ്യ മേഖലാ ഗ്രാൻറും,മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് ,വായ്പകൾ,ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം എന്നീ വിഹിതം പരമാവധി ഉൾപ്പെടുത്തി കൊണ്ട് തയ്യാറാക്കി ഈ ബജറ്റിൻറെ പ്രതീക്ഷിത വരവ് ആകെ-₹**148856825**/- രൂപയും പ്രതീക്ഷിത ചെലവ് ₹**139305168**/-രൂപയും നീക്കിയിരിപ്പ് ₹9551657/- രൂപയുമാണ്.

(ഒപ്പ്)
സജി ഫിലിപ്പ്
വൈസ് പ്രസിഡൻറ്

# 2026-27 ബജറ്റിലെ പൊതു വിവരണം

## 1,പ്രതീക്ഷിത വരവ്

| ക്രമ നം | വരവ് ഇനം | തുക ₹ |
|---|---|---|
| 1 | നികുതി വരവുകൾ | **6900000** |
| 2 | നികുതിയേതര വരവുകൾ | **2800700** |
| 3 | പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട് (GPF) | **10685000** |
| | ആകെ തനത് വരുമാനം | **20385700** |
| 4 | വികസന ഫണ്ട് ജനറൽ | **16816000** |
| 5 | പ്രത്യേക ഘടകപദ്ധതി | **2985000** |
| 6 | പട്ടികവർഗ്ഗ ഉപപദ്ധതി | **204000** |
| 7 | ധനകാര്യ കമ്മീഷൻ അവാർഡ്(അടിസ്ഥാന ഗ്രാൻറ് ) | **2500000** |
| 8 | ധനകാര്യ കമ്മീഷൻ അവാർഡ് (പ്രത്യേക ഉദ്ദേശ ഗ്രാൻറ് )*ജലവും ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മാത്രം | **5000000** |
| 9 | റോഡ് സംരക്ഷണ ഫണ്ട് | **17854000** |
| 10 | റോഡിതര സംരക്ഷണ ഫണ്ട് | **5499000** |
| 11 | ഗുണഭോക്തൃ വിഹിതം | **1243125** |
| 12 | സംയോജിത പദ്ധതി വിഹിതം | **7790000** |
| 13 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | **1700000** |
| 14 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | **0** |
| 15 | വായ്പകൾ | **3000000** |
| 16 | മിഷനുകളുടെ വിഹിതം | **2000000** |

# കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഫോറം 1

## 2026-2027 സാമ്പത്തിക വർഷത്തിലെ പുതിയ ബജറ്റ്

| ക്രമ നം | ശീർഷകം | ബജറ്റ് 2025-2026 | ബജറ്റ് 2026-2027 |
|---|---|---|---|
| 1 | 2 | 3 | 4 |
| | ഓപ്പണിങ് ബാലൻസ് | 18283703 | 7853169 |
| | വരുമാന രസീത് - 1 | | |
| | നികുതി വരുമാനം - 110 | | |
| 1 | 1100101 വസ്തു നികുതി | 4800000 | 0 |
| 2 | 1100107 പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉള്ള വസ്തുനികുതി | 0 | 3300000 |
| 3 | 1100108 പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉള്ള വസ്തുനികുതി | 0 | 2200000 |
| 4 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | 900000 | 1000000 |
| 5 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 300000 | 400000 |
| | ആകെ നികുതി വരുമാനം | **6000000** | **6900000** |

| | | | |
|---|---|---|---|
| | ഫീസും ഉപയോക്തൃ നിരക്കുകളും – 140 | | |
| 6 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | **0** | **2000** |
| 7 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | **150000** | **150000** |
| 8 | 1401105 വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് ഫീസ് | **500** | **500** |
| 9 | 1401107 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് | **1000** | **1200** |
| 10 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | **700000** | **750000** |
| 11 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | **50000** | **60000** |
| 12 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | **6000** | **7000** |
| 13 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | **50000** | **60000** |
| 14 | 1401701 ക്രമവൽക്കരണ ഫീസ് | **200000** | **225000** |
| 15 | 1402001 പിഴപ്പലിശ | **155000** | **160000** |
| 16 | 1402003 മറ്റ് പിഴകളും ശിക്ഷകളും | **12000** | **13000** |
| 17 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | **200000** | **210000** |
| 18 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് –പിഴ | **20000** | **21000** |
| 19 | 1404011 ലേറ്റ് ഫീ | **10000** | **11000** |
| | ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | **1554500** | **1670700** |

| | | | |
|---|---|---|---|
| | **വിൽപ്പന, വാടക നിരക്കുകൾ – 150** | | |
| 20 | 1501102 ടെൻറർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | **60000** | **70000** |
| 21 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | **0** | **250000** |
| 22 | 1501203 കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ് | **260000** | **0** |
| | ആകെ വിൽപ്പന, വാടക നിരക്കുകൾ | **320000** | **320000** |
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ – 160** | | |
| 23 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | **1880000** | **2640000** |
| 24 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വിധവപെൻഷൻ | **5739300** | **9600000** |
| 25 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | **441600** | **600000** |
| 26 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | **2344800** | **3600000** |
| 27 | 1601016 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | **60000** | **90000** |
| 28 | 1601018 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വാർദ്ധക്യകാല പെൻഷൻ | **17216500** | **28800000** |
| 29 | 1601023 ജനറൽ പർപ്പസ് ഫണ്ട് | **8710076** | **10685000** |
| 30 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – സ്ത്രീസുരക്ഷാ പദ്ധതി | **1110000** | **4800000** |
| | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | **37502276** | **60815000** |

| | | | |
|---|---|---|---|
| | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം – 170 | | |
| 31 | 1701001 നിക്ഷേപങ്ങളിന്മേലുള്ള പലിശ | **500000** | **600000** |
| | ആകെ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം | **500000** | **600000** |
| | മറ്റ് വരുമാനം – 180 | | |
| 32 | 1803001 സ്ഥിര ആസ്തികളുടെ വിനിമയത്തിന്മേലുള്ള ലാഭം | **20000** | **0** |
| | ആകെ മറ്റ് വരുമാനം | **20000** | **0** |
| | മുൻ കാലയളവിലെ ഇനങ്ങൾ – 280 | | |
| 33 | 2801001 മുൻകാല വരവുകൾ | **50000** | **100000** |
| 34 | 2801002 മുൻകാല വരവുകൾ– ഉപയോഗിക്കാത്ത ഗ്രാൻറുകളും ഫണ്ടുകളും തിരികെ ലഭിച്ചവ | **0** | **10000** |
| | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | **50000** | **110000** |
| | വാടക വരുമാനം – എൽബി പ്രോപ്പർട്ടീസ് – 130 | | |
| 35 | 1302003 കെട്ടിടങ്ങളിൽ നിന്നുള്ള വാടക | **100000** | **100000** |
| | ആകെ വാടക വരുമാനം | **100000** | **100000** |
| | ആകെ വരുമാന രസീത് | **46046776** | **70515700** |

| | | | |
|---|---|---|---|
| | മൂലധന രസീത് – 2 | | |
| | ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ – 320 | | |
| 36 | 3201002 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാൻറുകൾ – പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് പരിശോധനകൾക്കുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള ആരോഗ്യ ഗ്രാൻറ് | 192000 | 0 |
| 37 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാൻറ് – ഉപാധിയോട്ടുകൂടിയത് | 2354840 | 5000000 |
| 38 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാൻറ് – ഉപാധിരഹിതം | 1743524 | 2500000 |
| 39 | 3201020 സംയോജിത ശിശു വികസന പദ്ധതി | 0 | 1700000 |
| 40 | 3201024 ദേശീയ ആരോഗ്യ ദൗത്യം | 1877000 | 0 |
| 41 | 3201029 സ്വച്ഛ് ഭാരത് മിഷൻ – ഖരമാലിന്യ സംസ്കരണം | 3690652 | 0 |
| 42 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 5500000 | 5600000 |
| 43 | 3202001 വികസനഫണ്ട് – ജനറൽ | 10322000 | 16816000 |
| 44 | 3202002 വികസനഫണ്ട് – പ്രത്യേക ഘടക പദ്ധതി | 3092359 | 2985000 |
| 45 | 3202003 വികസനഫണ്ട് – പട്ടികവർഗ്ഗ ഉപ പദ്ധതി | 189000 | 204000 |
| 46 | 3202009 മെയിൻറനൻസ് ഫണ്ട് – റോഡ് | 7388000 | 17854000 |
| 47 | 3202010 മെയിൻറനൻസ് ഫണ്ട് – റോഡിതരം | 5159000 | 5499000 |

| | | | |
|---|---|---|---|
| 48 | 3202021 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറുകളും ഫണ്ടുകളും വിഹിതങ്ങളും– സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ – ലൈഫ് മിഷൻ | **4532994** | **2000000** |
| 49 | 3202027 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറ് – ഇലക്ഷൻ | **16800** | **0** |
| 50 | 3202028 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറ് – ദുരന്ത നിവാരണം | **100000** | **0** |
| 51 | 3202037 മറ്റ് റവന്യൂ ഗ്രാൻറുകൾ | **2094000** | **0** |
| 52 | 3203001 മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാൻറ് | **70640** | **0** |
| 53 | 3208010 ഗുണഭോക്തൃ വിഹിതം | **820307** | **1243125** |
| 54 | 3208099 പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് ഗ്രാൻറുകളും വിഹിതങ്ങളും | **1802026** | **0** |
| 55 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ജില്ലാപഞ്ചായത്തിൽ നിന്ന് | **12712038** | **5440000** |
| 56 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | **2224500** | **2350000** |
| | ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ | **65881680** | **69191125** |
| | സുരക്ഷിത വായ്പകൾ – 330 | | |
| 57 | 3305003 കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | **5555800** | **3000000** |
| | ആകെ സുരക്ഷിത വായ്പകൾ | **5555800** | **3000000** |

| | | | |
|---|---|---|---|
| | ലഭിച്ച നിക്ഷേപങ്ങൾ – 340 | | |
| 58 | 3401001 നിരതദ്രവ്യം | **24410** | **30000** |
| 59 | 3401002 സുരക്ഷാ നിക്ഷേപം | **21500** | **25000** |
| 60 | 3401003 പിടിച്ച് വച്ച തുക | **123906** | **130000** |
| 61 | 3402003 റോഡ് കട്ടിംഗിനുള്ള നിക്ഷേപം | **0** | **20000** |
| 62 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | **109000** | **0** |
| 63 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | **22940** | **25000** |
| | ആകെ ലഭിച്ച നിക്ഷേപങ്ങൾ | **301756** | **230000** |
| | നിക്ഷേപങ്ങൾ – 420 | | |
| 64 | 4208001 സ്ഥിര നിക്ഷേപങ്ങൾ | **0** | **5000000** |
| | ആകെ നിക്ഷേപങ്ങൾ | **0** | **5000000** |
| | റിഡെംപ്ഷൻ – 431 | | |
| 65 | 4315002 സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | **2977848** | **0** |
| | ആകെ റിഡെംപ്ഷൻ | **2977848** | **0** |

| | | | |
|---|---|---|---|
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ – 460 | | |
| 66 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | **312000** | **0** |
| 67 | 4605004 ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ | **0** | **30000** |
| 68 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | **600000** | **600000** |
| 69 | 4605099 മറ്റുള്ളവർക്കുള്ള മുൻകൂർ | **290000** | **290000** |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | **1202000** | **920000** |
| | ആകെ മൂലധന രസീത് | **75919084** | **78341125** |
| | റവന്യൂ ചെലവ് – 3 | | |
| | സ്ഥാപന ചെലവുകൾ – 210 | | |
| 70 | 2101001 ശമ്പളം – സെക്രട്ടറി | **1400000** | **1500000** |
| 71 | 2101003 ശമ്പളം – സ്ഥിരം ജീവനക്കാർ | **7600000** | **9000000** |
| 72 | 2101004 ശമ്പളം – കരാർ ജീവനക്കാർ | **900000** | **1000000** |
| 73 | 2101007 ശമ്പളം – പാർട്ട് ടൈം കണ്ടീജൻറ് ജീവനക്കാർ | **800000** | **800000** |
| 74 | 2101101 വേതനം | **352190** | **400000** |
| 75 | 2101201 ബോണസ് | **22500** | **25000** |
| 76 | 2101401 മാനവേതനം | **0** | **120000** |
| 77 | 2101501 ഉത്സവബത്ത | **0** | **40000** |

| | | | |
|---|---|---|---|
| 78 | 2102001 യാത്രാബത്തകൾ – സെക്രട്ടറി | 0 | 50000 |
| 79 | 2102002 യാത്രാബത്തകൾ – എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർ | 0 | 15000 |
| 80 | 2102003 യാത്രാബത്തകൾ – സ്ഥിരജീവനക്കാർ | 0 | 120000 |
| 81 | 2102004 യാത്രാബത്തകൾ – താൽക്കാലിക ജിവനക്കാർ | 0 | 25000 |
| 82 | 2102005 യാത്രാബത്തകൾ – കണ്ടീജൻറ് ജീവനക്കാർ | 0 | 15000 |
| 83 | 2102014 മാനവേതനവും ഹാജർ ബത്തയും – കൗൺസിലർമാർ/ അംഗങ്ങൾ | 1800000 | 3600000 |
| 84 | 2102015 യൂണിഫോമുകൾ | 0 | 10000 |
| 85 | 2102016 മറ്റ് അലവൻസുകളും ബത്തകളും | 150000 | 100000 |
| 86 | 2102018 കണ്ണട അലവൻസ് | 0 | 15000 |
| 87 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | 50000 | 60000 |
| 88 | 2102020 ടെലഫോൺ അലവൻസ് – സെക്രട്ടറി | 0 | 4800 |
| 89 | 2102021 ടെലഫോൺ അലവൻസ് – മേയർ/ ചെയർപേഴ്സൺ/ പ്രസിഡൻറ് | 3000 | 4800 |
| 90 | 2102022 ടെലഫോൺ അലവൻസ് – ഡെപ്യൂട്ടി മേയർ/ വൈസ് ചെയർപേഴ്സൺ/ വൈസ് പ്രസിഡൻറ് | 3000 | 4800 |
| 91 | 2103001 പെൻഷൻ ഫണ്ടിലേക്ക് എംപ്ലോയറുടെ വിഹിതം – റെഗുലർ ജീവനക്കാർ | 1000000 | 1000000 |
| 92 | 2103006 എൻപിഎസ് ലേക്കുള്ള എംപ്ലോയറുടെ വിഹിതം – റെഗുലർ ജീവനക്കാർ | 166800 | 200000 |
| 93 | 2105001 പ്രതിഫലം | 150000 | 150000 |
| | ആകെ സ്ഥാപന ചെലവുകൾ | 14397490 | 18259400 |

| | ഭരണപരമായ ചെലവുകൾ – 220 | | |
|---|---|---|---|
| 94 | 2201002 ഭൂനികുതി / അടിസ്ഥാന നികുതി | 0 | 10000 |
| 95 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | 108000 | 115000 |
| 96 | 2201102 വെള്ളത്തിൻറെ ചാർജ്ജുകൾ | 0 | 11000 |
| 97 | 2201104 സർവ്വീസ് കണക്ഷൻ ചാർജ് (കെഎസ്ഇബി/ കെഡബ്ല്യൂഎ) | 0 | 30000 |
| 98 | 2201105 വെള്ളക്കരം – തദ്ദേശസ്ഥാപന കെട്ടിടങ്ങൾ | 10000 | 10000 |
| 99 | 2201199 മറ്റ് ആഫീസ് പരിപാലന ചെലവുകൾ | 200000 | 200000 |
| 100 | 2201201 ടെലഫോൺ ചെലവുകൾ/ ഇൻററർനെറ്റ് ചാർജ്ജുകൾ | 50000 | 51000 |
| 101 | 2201202 തപാൽ ചെലവുകൾ | 25000 | 25000 |
| 102 | 2201299 പലവക വിനിമയ ചെലവുകൾ | 125000 | 130000 |
| 103 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 25000 | 26000 |
| 104 | 2202101 അച്ചടിയും സ്റ്റേഷനറികളും | 150000 | 200000 |
| 105 | 2204001 ഇൻഷൂറൻസ് | 25000 | 0 |
| 106 | 2205101 പലവക നിയമപരമായ ചെലവുകൾ | 120000 | 120000 |
| 107 | 2205201 വിദഗ്ധർക്കും മറ്റുമുള്ള ഫീസ് | 75000 | 80000 |
| 108 | 2206001 പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 50000 | 60000 |
| 109 | 2206002 കേരളോത്സവം ചെലവുകൾ | 60000 | 60000 |

| | | | |
|---|---|---|---|
| 110 | 2206099 മറ്റ് പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമുള്ള ചാർജ്ജുകൾ | **0** | **30000** |
| 111 | 2206101 അംഗത്വവും വരിസംഖ്യയും | **10000** | **15000** |
| 112 | 2208001 ഉൽസവങ്ങൾക്കുള്ള ചെലവുകൾ | **0** | **40000** |
| 113 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | **0** | **50000** |
| 114 | 2302001 വെള്ളത്തിൻറെ ചാർജ്ജുകൾ – സ്ട്രീറ്റ് ടാപ്പ് | **840000** | **890000** |
| | ആകെ ഭരണപരമായ ചെലവുകൾ | **1873000** | **2153000** |
| | പ്രവർത്തനവും പരിപാലനവും – 230 | | |
| 115 | 2301001 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകൾ | **492000** | **500000** |
| 116 | 2301002 ഇന്ധനചെലവുകൾ | **200000** | **300000** |
| 117 | 2301003 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് | **0** | **20000** |
| 118 | 2304001 വാഹനങ്ങളുടെ വാടക | **350000** | **108000** |
| 119 | 2305099 സംരക്ഷണവും പരിപാലനവും – മറ്റ് പശ്ചാത്തല ആസ്തികൾ | **114000** | **125000** |
| 120 | 2305301 സംരക്ഷണവും പരിപാലനവും – വാഹനങ്ങൾ | **100000** | **100000** |
| 121 | 2305901 സംരക്ഷണവും പരിപാലനവും – യന്ത്രങ്ങൾ | **0** | **20000** |
| 122 | 2305902 സംരക്ഷണവും പരിപാലനവും – ഓഫീസ് ഉപകരണങ്ങൾ | **0** | **200000** |

| | | | |
|---|---|---|---|
| 123 | 2305909 സംരക്ഷണവും പരിപാലനവും – മറ്റുള്ളവ | **150000** | **160000** |
| 124 | 2308003 അനാഥ മ്യൃതദേഹങ്ങൾ സംസ്കരിക്കുന്നതിനുള്ള ചെലവ് | **0** | **10000** |
| 125 | 2308009 വാഹനങ്ങളുടെ രജിസ്ട്രേഷൻ | **0** | **50000** |
| 126 | 2308010 അസാധാരണ ചെലവുകൾ | **100000** | **200000** |
| 127 | 2308013 ശുചിത്വ ചെലവുകൾ | **100000** | **210000** |
| 128 | 2308014 ഉദ്ഘാടനങ്ങൾക്കും ചടങ്ങുകൾക്കും വേണ്ടി ചിലവാകുന്ന തുക | **200000** | **200000** |
| 129 | 2308201 ലഘുഭക്ഷണ ചെലവുകൾ | **150000** | **210000** |
| | ആകെ പ്രവർത്തനവും പരിപാലനവും | **1956000** | **2413000** |
| | പലിശയും ധനകാര്യ നിരക്കുകളും – 240 | | |
| 130 | 2407001 ബാങ്ക് ചാർജ്ജുകൾ | **0** | **2000** |
| 131 | 2408001 മറ്റ് ധനകാര്യ ചെലവുകൾ | **10000** | **0** |
| | ആകെ പലിശയും ധനകാര്യ നിരക്കുകളും | **10000** | **2000** |
| | പ്രോഗ്രാം ചെലവുകൾ – 250 | | |
| 132 | 2501001 ഇലക്ഷൻ ചെലവുകൾ | **216800** | **50000** |
| 133 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | **5500000** | **5600000** |
| 134 | 2502002 ദുരന്തനിവാരണപ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ | **100000** | **150000** |
| | ആകെ പ്രോഗ്രാം ചെലവുകൾ | **5816800** | **5800000** |

| | | | |
|---|---|---|---|
| | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ – 251 | | |
| 135 | 2510101 കൃഷി – നെല്ല് | 70000 | 0 |
| 136 | 2510102 കൃഷി – തേങ്ങ | 121000 | 0 |
| 137 | 2510104 കൃഷി – പച്ചക്കറികൾ | 79950 | 0 |
| 138 | 2510105 കൃഷി – വാഴ | 62500 | 0 |
| 139 | 2510107 കൃഷി – പഴങ്ങളും അതിൻറെ മരങ്ങളും | 160366 | 0 |
| 140 | 2510201 മൃഗസംരക്ഷണം – പശു | 1485000 | 0 |
| 141 | 2510205 മൃഗസംരക്ഷണം – കോഴി വളർത്തൽ | 165100 | 0 |
| 142 | 2510209 മൃഗസംരക്ഷണം – പശ്ചാത്തല സൗകര്യങ്ങൾ | 300000 | 0 |
| 143 | 2510210 മൃഗസംരക്ഷണം – രോഗ നിയന്ത്രണം | 829413 | 0 |
| 144 | 2510215 മൃഗങ്ങളുടെ സംരക്ഷണം | 119107 | 0 |
| 145 | 2510301 ക്ഷീരവികസനം – തീറ്റപ്പുല്ല് | 300000 | 0 |
| 146 | 2510305 ക്ഷീരവികസനം – പാൽ ഇൻസെൻറീവ് | 600000 | 0 |
| 147 | 2510703 സൗരോർജ്ജ ഉൽപ്പാദനം | 0 | 300000 |
| 148 | 2510803 പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ | 50000 | 0 |
| 149 | 2511201 നൈപുണ്യ വികസനം | 500000 | 0 |
| | ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 4842436 | 300000 |

| | സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ – 252 | | |
|---|---|---|---|
| 150 | 2520107 വിദ്യാഭ്യാസം – അനുബന്ധ പ്രവർത്തനങ്ങൾ | **160000** | **0** |
| 151 | 2520109 പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് മികവിന് പ്രോത്സാഹനം | **300000** | **0** |
| 152 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | **150000** | **0** |
| 153 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം – പ്രമോഷൻ | **60000** | **0** |
| 154 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | **80000** | **0** |
| 155 | 2520617 പകർച്ചവ്യാധി നിയന്ത്രണം | **13000** | **30000** |
| 156 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ – അലോപ്പതി | **5320483** | **0** |
| 157 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ – ആയുർവേദം | **1510000** | **0** |
| 158 | 2520620 ആരോഗ്യ സ്ഥാപനങ്ങൾ – ഹോമിയോ | **250000** | **0** |
| 159 | 2520702 കുടിവെള്ളം – പൊതു | **994540** | **0** |
| 160 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും – വ്യക്തിഗതം | **25713674** | **0** |
| 161 | 2520902 കുട്ടികളുടെ ക്ഷേമ പരിപാടികൾ | **13000** | **0** |
| 162 | 2520904 പ്രായമായവരുടെ ക്ഷേമം | **1800000** | **0** |
| 163 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | **16800** | **0** |
| 164 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | **1051200** | **0** |

| | | | |
|---|---|---|---|
| 165 | 2520908 സാമൂഹ്യ സുരക്ഷാ പരിപാടികൾ | **10000** | **0** |
| 166 | 2521001 അംഗൻവാടി പോഷകാഹാരം | **1649542** | **0** |
| 167 | 2521101 അംഗൻവാടി ഭൗതിക സൗകര്യങ്ങൾ | **151000** | **0** |
| 168 | 2521102 അംഗൻവാടി അനുബന്ധ സേവനങ്ങൾ | **42746** | **0** |
| 169 | 2521201 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ – തൊഴിൽ പരിശീലനം | **10000** | **0** |
| 170 | 2521402 വൈദ്യുതി ലൈൻ – ട്രാൻസ്ഫോർമർ– വോൾട്ടേജ് വർദ്ധിപ്പിക്കൽ | **107800** | **0** |
| 171 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | **468935** | **0** |
| 172 | 2521602 ഐകെഎമ്മിനുള്ള പേയ്മെൻറുകൾ | **42628** | **0** |
| 173 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | **376049** | **0** |
| 174 | 2521903 പൊതു ശുചിത്വം – അനുബന്ധ പ്രവർത്തനങ്ങൾ | **241840** | **0** |
| 175 | 2521904 ശൗചാലയം (വ്യക്തിഗതം) | **300000** | **0** |
| 176 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | **58770** | **0** |
| 177 | 2522201 ദുരന്തനിവാരണം – അനുബന്ധ സേവനങ്ങൾ | **25635** | **0** |
| 178 | 2522202 കാലാവസ്ഥാ വ്യതിയാനം – അനുബന്ധ സേവനങ്ങൾ | **25000** | **0** |
| 179 | 2522305 ഖരമാലിന്യ പരിപാലനം – ശേഖരണവും പരിവഹണവും | **313246** | **0** |
| 180 | 2522311 ഖരമാലിന്യ പരിപാലനം – സംയോജിത പദ്ധതികൾ | **330000** | **0** |

| | | | |
|---|---|---|---|
| 181 | 2522314 ഖരമാലിന്യ പരിപാലനം – പ്രോസസ്സിംഗ് – വ്യക്തിഗതം | **224613** | **0** |
| 182 | 2523101 ആർത്തവ ശുചിത്വം | **25000** | **0** |
| 183 | 2523201 വിവരവിജ്ഞാനവ്യാപനശേഷി വികസനം | **15000** | **0** |
| | ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | **41850501** | **30000** |
| | അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ – 253 | | |
| 184 | 2530101 തെരുവ് വിളക്കുകൾ | **500000** | **0** |
| 185 | 2530201 റോഡുകൾ | **1095729** | **0** |
| 186 | 2530405 മറ്റ് നിർമിതികൾ | **82454** | **0** |
| | ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | **1678183** | **0** |
| | സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ – 254 | | |
| 187 | 2540102 ഭിന്നശേഷിക്കാരായ ആൾക്കാർക്കുള്ള വീടുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ഉള്ള സഹായം | **2344800** | **0** |
| 188 | 2540103 മകളുടെ വിവാഹചെലവിന് വിധവകൾക്കുള്ള ധനസഹായം | **60000** | **90000** |
| 189 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | **1880000** | **2640000** |
| 190 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വിധവ പെൻഷൻ | **5739300** | **9600000** |
| 191 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | **441600** | **600000** |
| 192 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | **0** | **3600000** |

| | | | |
|---|---|---|---|
| 193 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വാർദ്ധക്യകാല പെൻഷൻ | **17216500** | **28800000** |
| 194 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – സ്ത്രീസുരക്ഷാ പദ്ധതി | **1110000** | **4800000** |
| | ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ | **28792200** | **50130000** |
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ – 260** | | |
| 195 | 2601009 ചികിത്സാ ചെലവ് – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | **100000** | **100000** |
| 196 | 2601010 തനതു ഫണ്ടിൽ നിന്നുള്ള ഗ്രാന്റുകളും വിഹിതങ്ങളും നഷ്ടപരിഹാരങ്ങളും-നിലത്തെഴുത്ത് ആശാന്മാർക്കുള്ള ധനസഹായം | **24000** | **24000** |
| 197 | 2602301 അപകടകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ചെലവ് | **50000** | **60000** |
| | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | **174000** | **184000** |
| | **മുൻ കാലയളവിലെ ഇനങ്ങൾ – 280** | | |
| 198 | 2808001 മുൻകാല ചെലവുകൾ | **100000** | **100000** |
| | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | **100000** | **100000** |
| | ആകെ റവന്യൂ ചെലവ് | **101490610** | **79371400** |
| | **മൂലധനച്ചെലവ് – 4** | | |
| | **നിക്ഷേപങ്ങളുടെ റീഫണ്ട് – 340** | | |
| 199 | 3401001 നിരതദ്രവ്യം | **24410** | **30000** |
| 200 | 3401002 സുരക്ഷാ നിക്ഷേപം | **21500** | **25000** |

| | | | |
|---|---|---|---|
| 201 | 3401003 പിടിച്ച് വച്ച തുക | **247906** | **130000** |
| 202 | 3402003 റോഡ് കട്ടിംഗിനുള്ള നിക്ഷേപം | **20000** | **20000** |
| 203 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | **81000** | **0** |
| 204 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | **22940** | **25000** |
| | ആകെ നിക്ഷേപങ്ങളുടെ റീഫണ്ട് | **417756** | **230000** |
| | തിരിച്ചടവുകളുടെ പേയ്മെന്റ് – 350 | | |
| 205 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | **797856** | **0** |
| 206 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | **52551** | **0** |
| 207 | 3501122 അവധി ശമ്പളം നൽകാനുള്ളത് | **500000** | **450000** |
| 208 | 3501201 വായ്പകളുടെ പലിശ നൽകാനുള്ളത് | **0** | **5000** |
| 209 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ – പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ് ) | **13395** | **260000** |
| 210 | 3501302 തൊഴിലുടമയുടെ ബാധ്യതകൾ – ഇപിഎഫ് | **13395** | **0** |
| 211 | 3502001 വസൂലാക്കിയത് ഒടുക്കാനുള്ളവ – ജനറൽ പ്രോവിഡൻറ് ഫണ്ട് | **2000** | **0** |
| 212 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ – കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് | **73520** | **0** |
| 213 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ – മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ട് | **27460** | **0** |
| 214 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ – ഇൻഷുറൻസ് പ്രീമിയം | **6098** | **0** |

| | | | |
|---|---|---|---|
| 215 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ – സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് | **9150** | **0** |
| 216 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ – ഗ്രൂപ്പ് ഇൻഷൂറൻസ് | **7900** | **0** |
| 217 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ – മെഡിസെപ് – റെഗുലർ | **6000** | **0** |
| 218 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | **151012** | **0** |
| 219 | 3503008 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – സിജിഎസ് റ്റി | **50000** | **0** |
| 220 | 3503009 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – എസ് ജിഎസ് റ്റി | **50000** | **0** |
| 221 | 3503016 വനനികുതി അടക്കാനുള്ളത് | **10000** | **0** |
| 222 | 3504099 കൊടുക്കാനുള്ള തിരിച്ചടവുകൾ – മറ്റുള്ളവ | **10000** | **0** |
| | ആകെ തിരിച്ചടവുകളുടെ പേയ്മെന്റ് | **1780337** | **715000** |
| | **സ്ഥിര ആസ്തികൾ – 410** | | |
| 223 | 4102002 അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ്സ് | **562608** | **0** |
| 224 | 4102005 ആശുപത്രി കെട്ടിടങ്ങൾ | **5550000** | **0** |
| 225 | 4102016 മറ്റ് കെട്ടിടങ്ങൾ | **8434013** | **0** |
| 226 | 4102017 ചുറ്റുമതിൽ | **300000** | **0** |
| 227 | 4102019 ഫ്രീ സ്റ്റൈൽ ഓപ്പൺ ജിം | **1136300** | **0** |

| | | | |
|---|---|---|---|
| 228 | 4103001 കോൺക്രീറ്റ് റോഡുകൾ | **491841** | **0** |
| 229 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | **4897968** | **0** |
| 230 | 4103003 ഇൻറർലോക്ക്ഡ് റോഡുകൾ | **322000** | **0** |
| 231 | 4104001 പ്ലാൻറുകളും യന്ത്രസാമഗ്രികളും | **2850000** | **0** |
| 232 | 4105001 വാഹനങ്ങൾ | **1220000** | **0** |
| 233 | 4106002 കമ്പ്യൂട്ടറുകൾ, പ്രിൻററുകൾ മറ്റ് ഉപകരണങ്ങൾ | **755227** | **0** |
| 234 | 4107001 ഫർണീച്ചർ, ഉറപ്പിച്ചിരിക്കുന്നവ, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ | **77910** | **0** |
| 235 | 4108001 മറ്റ് സ്ഥിര ആസ്തികൾ | **1162824** | **0** |
| | ആകെ സ്ഥിര ആസ്തികൾ | **27760691** | **0** |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ – 460 | | |
| 236 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | **32000** | **600000** |
| 237 | 4601099 ജീവനക്കാർക്കുള്ള മറ്റ് വായ്പകളും മുൻകൂറുകളും | **25000** | **0** |
| 238 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | **0** | **50000** |

| | | | |
|---|---|---|---|
| 239 | 4605004 ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ | **0** | **30000** |
| 240 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | **600000** | **600000** |
| 241 | 4605099 മറ്റുള്ളവർക്കുള്ള മുൻകൂർ | **290000** | **290000** |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | **947000** | **1570000** |
| | ആകെ മൂലധനച്ചെലവ് | **30905784** | **2515000** |
| | ആകെ പദ്ധതി ചെലവ് | | **57418768** |
| | ആകെ ചെലവ് | **132396394** | **139305168** |
| | ആകെ വരവ് | **121965860** | **148856825** |
| | ബാലൻസ് | **7853169** | **9551657** |

# 2026-27 ബജറ്റും പ്രാധാന വകയിരുത്തലും മേഖല തിരിച്ച്

| ക്രമ നം | മേഖല | ആകെ വകയിരുത്തൽ | ഉപമേഖല | വകയിരുത്തൽ |
|---|---|---|---|---|
| 1 | ഉൽപ്പാദനം | ₹2881000 | ക്ഷീര വകുസനം | 761000 |
| | | | നെല്ല് | 500000 |
| | | | പച്ചക്കറി | 150000 |
| | | | മത്സ്യം | 100000 |
| | | | മൃഗ സംരക്ഷണം | 720000 |
| | | | രോഗ പ്രതിരോധം | 50000 |
| | | | വനിത വികസനം | 600000 |
| 2 | സേവനം | ₹58074787 | കൃഷി | 25000 |
| | | | ഘടക സ്ഥാപനം | 40000 |
| | | | അഗതി ആശ്രയ | 100000 |
| | | | ആരോഗ്യം | 8956790 |
| | | | കുടിവെള്ളം | 900000 |
| | | | കുട്ടികളുടെ ക്ഷേമം | 1014000 |
| | | | ടൂറിസം | 150000 |
| | | | പാർപ്പിടം | 39147183 |
| | | | ഭിന്നശേഷി വിഭാഗം | 560000 |
| | | | മാലിന്യ സംസ്കരണം | 2350000 |
| | | | വനിത | 440000 |
| | | | വിദ്യാഭ്യാസം | 677000 |
| | | | സദ്ഭരണം | 1147068 |
| | | | സാമൂഹ്യക്ഷേമം | 2367746 |
| | | | വയോജനം | 200000 |
| 3 | പശ്ചാത്തലം | ₹19704000 | സ്ട്രീറ്റ് ലൈറ്റ് | 1200000 |
| | | | സദ്ഭരണം | 300000 |
| | | | റോഡ് പുനരുദ്ധാരണം | 17854000 |
| | | | നടപ്പാത | 350000 |

# ജൻറർ ബഡ്ജറ്റ്



ലിംഗസമത്വം ഉറപ്പാക്കാനും സ്ത്രീകളുടെ ശാക്തീകരണത്തിനുമായി ബജറ്റിൽ പ്രത്യേകം ഫണ്ട് വകയിരുത്തുന്ന രീതിയാണ് ജൻറർ ബഡ്ജറ്റ് (Gender Budget). വിഭവ വിഹിതത്തിലെ അസമത്വങ്ങൾ പരിഹരിക്കാനും പൊതുനയങ്ങളിൽ സ്ത്രീകൾക്ക് മുൻഗണന നൽകാനും ഇത് സഹായിക്കുന്നു. ഇത് ലിംഗപരമായ വിടവ് നികത്തുകയും എല്ലാവർക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു.

**ജൻറർ ബഡ്ജറ്റിന്റെ പ്രധാന വശങ്ങൾ:**

- **ലക്ഷ്യം:** സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ എന്നിവ ഉറപ്പാക്കുക.
- **പ്രവർത്തനം:** വിവിധ സർക്കാർ വകുപ്പുകളിൽ ജെൻഡർ ബജറ്റ് സെല്ലുകൾ രൂപീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- **പ്രാധാന്യം:** സാമ്പത്തിക വളർച്ചയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനും, ലിംഗപരമായ വിവേചനങ്ങൾ കുറയ്ക്കാനും ഇത് സഹായിക്കുന്നു.

| മേഖല | പുതിയ പദ്ധതി | വകയിരുത്തൽ |
|---|---|---|
| ഉല്പാദനം | 1 | 600000 |
| സേവനം | 3 | 1050000 |
| ആകെ | 4 | 1650000 |


കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനായും അവരെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലേക്ക് വിവിധ പദ്ധതി ഏറ്റെടുത്തിട്ടുണ്ട് കൂടാതെ കുടുംബശ്രീ മുഖാന്തരം വിവിധ സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തിൽ നിന്നും നൽകുന്നു.

# KARIMKUNNAM

Delimitation Commission, Kerala

Date : 14-10-2025

DISTRICT NAME :IDUKKI




Technology Support : Information Kerala Mission